


# നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും

ബ്ര. റോബിൻ കോലഞ്ചേരി MCBS

ഏശ. 49:13-23; എഫേ. 2:1-7; യോഹ. 16:16-33 (Vol. 9, Issue 58)

"വെളിച്ചം ദുഃഖമാണുണ്ണീ...
തമസ്സല്ലോ സുഖപ്രദം"

നാമെല്ലാവരും തന്നെ കേട്ടിട്ടുള്ള കവിതാശകലമാണിത്. തമസ് എന്നാൽ ഇരുട്ട് അല്ലെങ്കിൽ അന്ധകാരം. അന്ധകാരത്തെ പലപ്പോഴും തിന്മയുടെ പ്രതീകമായി എടുത്തുകാണിക്കാറുണ്ട്. തിന്മയുടെ പ്രവർത്തികളെ നല്ലതായി കാണുന്ന ലോകമാണ് നമുക്കുചുറ്റും. ഏതാനും ദിവസങ്ങൾക്കു മുമ്പ് ശ്രീലങ്കയിലുണ്ടായ സ്ഫോടനവാർത്ത നാമെല്ലാം അറിഞ്ഞതാണ്. തിന്മയെ നന്മയായി കാണുന്ന, യഥാർത്ഥ ദുഃഖത്തെ സന്തോഷമായി കാണുന്ന ആളുകൾക്ക് ഇരയായവർ. ഇപ്രകാരമുള്ള ലോകത്തെപ്പറ്റി ക്രിസ്തു രണ്ടായിരം വർഷങ്ങൾക്കു മുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞുവച്ചത് സത്യമാണ്. നന്മയ്ക്കു വേണ്ടി, ദൈവത്തിനു വേണ്ടി ജീവിക്കുന്നവരുടെ വേദനയും കണ്ണീരും കണ്ട് സന്തോഷിക്കുന്ന ലോകത്തെക്കുറിച്ചാണ് അവിടുന്ന് പറഞ്ഞുവച്ചത്.

ജീവിതത്തിൽ ഒരിക്കലെങ്കിലും കരയാത്തവരായോ ഉള്ളിൽ നൊമ്പരം കൊണ്ടുനടക്കാത്തവരായോ ആരുമുണ്ടാകില്ല. എല്ലാ ദുഃഖങ്ങൾക്കും അവസാനം ഒരു നന്മയുണ്ടാകും. ഈജിപ്തിൽ അടിമത്വത്തിലായിരുന്ന ഇസ്രായേൽ ജനത അവരുടെ വേദനകൾക്ക് പകരമായി കാനാൻദേശത്ത് സന്തോഷമനുഭവിച്ചു. നെബുക്കദ്നേസർ രാജാവ്, തീച്ചൂളയിലേയ്ക്കെറിഞ്ഞ മൂന്ന് യുവാക്കൾ സന്തോഷത്താധിക്യത്താൽ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. പ്രവാസികളായവരുടെ തിരിച്ചുവരവിന്റെ പ്രതീക്ഷകളുണർത്തുന്ന സന്ദേശമാണ് ഏശയ്യാ പ്രവാചകൻ പറഞ്ഞുവയ്ക്കുന്നത്. ദൈവം നൽകുന്ന ശ്രദ്ധയും താൽപര്യവും ഒരമ്മയുടെ നിസ്വാർത്ഥമായ സ്നേഹത്തോട് ഉപമിച്ചിരിക്കുന്നു. നശ്വരമായ സമ്പത്ത് കൊണ്ട് സന്തോഷം വാങ്ങാൻ ശ്രമിക്കുന്ന ശിമയോനെ നാം അപ്പസ്തോല പ്രവർത്തനങ്ങളിൽ നിന്നുള്ള വായനയിൽ കണ്ടുമുട്ടുന്നുണ്ട്.

എല്ലാ ദുഃഖങ്ങൾക്കും സഹനങ്ങൾക്കുമപ്പുറം ഒരു സന്തോഷമുണ്ടെന്നാണ് ക്രിസ്തു നമ്മോട് ഇന്ന് പറയുക. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏതാണ് ഏറ്റവും വലിയ ദുഃഖം? അത് മരണമാണ്. അപ്പോൾ മരണമാണ് മനുഷ്യന്റെ ഏറ്റവും വലിയ ദുഃഖമെങ്കിൽ അതിനപ്പുറം അവന് സന്തോഷം നൽകുന്ന എന്തെങ്കിലും ഉണ്ടാകുമെന്നത് സാധാരണഗതിയിൽ ചിന്തിച്ചാൽ തന്നെ തീർച്ചയാണ്. മരണത്തെ ജയിച്ചവനു മാത്രമേ മരണത്തിനപ്പുറത്തുള്ള കാര്യത്തെക്കുറിച്ച് സംസാരിക്കാനാവൂ. യോഹ. 16:20-ലൂടെ ക്രിസ്തു നമ്മോട് പറയുന്നു: "നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" എന്ന്.

മനുഷ്യൻ പലപ്പോഴും ശിമയോനെപ്പോലെ നശ്വരമായവയെ അല്ലെങ്കിൽ ശാശ്വതമായതിനെ അതുമല്ലെങ്കിൽ അർത്ഥമുള്ളതിനെ തേടിക്കൊണ്ടിരിക്കുന്നു. Man is in search of meaning എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്താണ് വിലപ്പെട്ടത്? അർത്ഥമുള്ളത്? അത് ക്രിസ്തു നൽകുന്ന സമാധാനമാണ്, സന്തോഷമാണ്. ഈ സമാധാനവും സന്തോഷവും കൈവരുന്നത് മരണത്തിനപ്പുറമുള്ള സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി ജീവിക്കുമ്പോഴാണ്. "നമുക്ക് ഈ ലോകത്തിൽ നിലനിൽക്കുന്ന പട്ടണമില്ല." തന്റെ മരണത്തെക്കുറിച്ചും തുടർന്നുണ്ടാകുന്ന ഉത്ഥാനത്തെക്കുറിച്ചും ഈശോ തന്റെ ശിഷ്യരോട് പറയുന്നതാണ് സുവിശേഷത്തിൽ നാം കാണുക. ശിഷ്യരോട് ചേർന്നായിരുന്ന ഈശോ, അവരെ വിട്ടുപോകുമെന്നും തിരികെ വരുമെന്നുമാണ് പറയുന്നത്. ഈശോയുടെ മരണ ത്തിൽ ശിഷ്യർ ദുഃഖിക്കും. എന്നാൽ, മനുഷ്യന്റെ ഏറ്റവും വലിയ ഒന്നായ ജീവിതത്തെ ഇല്ലാതാക്കുന്ന മരണത്തെ

തോൽപ്പിച്ചുകൊണ്ടുള്ള ഈശോയുടെ ഉത്ഥാനം വഴി അവരുടെ ആ ദുഃഖം സന്തോഷമായി മാറുമെന്ന് അവിടുന്ന് അവരോട് പറയുന്നു.

നമ്മുടെ പ്രിയപ്പെട്ടവർ നമുക്ക് നഷ്ടമാകുമ്പോഴാണ് നാം ദുഃഖിതരാകുന്നത്. പ്രിയപ്പെട്ടവർ നഷ്ടമാകുമ്പോഴുണ്ടാകുന്ന വേദനയുടെ ആഴം വ്യക്തമാക്കുന്ന ഒരു കഥയുണ്ട്. അത് ഇപ്രകാരമാണ്: ഒരു വീട്. അവിടെ ഒരു അമ്മയും മകനും മാത്രമേയുള്ളൂ. അപ്പൻ മരിച്ചുപോയി. മകന് മാരകമായ ഒരു രോഗം പിടിപെട്ട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗം ഗൗരവമേറിയതാണെന്നും ജീവിക്കാൻ സാധ്യത കുറവാണെന്നും ഡോക്ടർ അറിയിച്ചു. അമ്മ ജലപാനം പോലുമില്ലാതെ കരഞ്ഞുപ്രാർത്ഥിച്ചു. പക്ഷെ, വിധി മറിച്ചായിരുന്നു. ആ മകനെ ദൈവം തിരികെ വിളിച്ചു. മകന്റെ മൃതസംസ്കാര വേളയിൽ ആ അമ്മ ഇങ്ങനെ പറഞ്ഞ് വിലപിക്കുന്നുണ്ടായിരുന്നു: "ദൈവമേ, നീയുണ്ടോ? ഉണ്ടെങ്കിൽ നീ എവിടെയാണ്? എന്തിനാണ് എന്നെ തനിച്ചാക്കിയത്?" അങ്ങനെ മൃതസംസ്കാരമെല്ലാം കഴിഞ്ഞ് അമ്മയെ ബന്ധുക്കൾ വീട്ടിലെത്തിച്ചു. പിറ്റേദിവസം രാവിലെ ആ അമ്മ മകന്റെ മുറിയിലേയ്ക്ക് കയറി. മകനുപയോഗിച്ചിരുന്ന പുസ്തകങ്ങളും വസ്തുക്കളുമെല്ലാം കണ്ട് അമ്മ വളരെ കരഞ്ഞു. അവസാനം മകൻ കിടന്നിരുന്ന തലയിണയിൽ മുഖം ചായ്ച്ച് കരഞ്ഞു കൊണ്ട് ഉറങ്ങിപ്പോയി. ഉറക്കത്തിൽ മകൻ അടുത്തുവന്ന് പുഞ്ചിരിക്കുന്നതായി ആ അമ്മ കണ്ടു. അവർ ചാടിയെണീറ്റു. അപ്പോൾ കൈയ്യിൽ ഒരു പേപ്പർ ഇരിക്കുന്നതും അതിൽ മകന്റെ കൈയ്യക്ഷരവും കണ്ടു. കണ്ണുനീർ തുടച്ചുകൊണ്ട് ആ അമ്മ കത്ത് വായിച്ചു: "അമ്മേ, ഞാൻ സ്വർഗ്ഗത്തിലെത്തി. മാലാഖ എന്നെ ഇവിടെയെല്ലാം കൊണ്ടു നടന്നു കാണിച്ചുതന്നു. ഇവിടെ നല്ല രസമാണ്. ദൈവത്തിന്റെ അടുത്തുപോയി. എന്നെ നോക്കി പുഞ്ചിരിച്ചു. എന്നെ വാരിയെടുത്തു. എന്റെ അമ്മയ്ക്ക് ഒരു കത്തെഴുതിക്കോട്ടെ എന്നു ചോദിച്ചപ്പോൾ എഴുതിക്കോളാൻ പറഞ്ഞു. അമ്മയുടെ ചോദ്യത്തിന് ഉത്തരം കൂടി എഴുതാനും പറഞ്ഞു. അമ്മ ഇന്നലെ ചോദിച്ചില്ലേ, ദൈവം എവിടെയായിരുന്നുവെന്ന്. തന്റെ പ്രിയപുത്രൻ അന്ന് ഗദ്സമേൻ തോട്ടത്തിലായിരുന്നപ്പോഴും കാൽവരിയിൽ മറ്റുള്ളവർക്കുവേണ്ടി കുരിശിൽ ചോര വാർന്നു മരിച്ചപ്പോഴും എവിടെയായിരുന്നോ, അവിടെത്തന്നെ ആയിരുന്നു എന്നു പറയാൻ പറഞ്ഞു." അത്രയും വായിച്ചപ്പോഴേയ്ക്കും തന്റെ നഷ്ടത്തെച്ചൊല്ലി ദൈവത്തെ പഴിച്ചതിനെയോർത്ത് ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

നമുക്ക് പ്രിയപ്പെട്ടവയോ, നമ്മുടെ പ്രിയപ്പെട്ടവരെയോ നഷ്ടമായാൽ അല്ലെങ്കിൽ ഒരുപാട് നൊമ്പരങ്ങളും സഹനങ്ങളും തുടരെത്തുടരെ വരുമ്പോൾ നാമൊക്കെ ഈ കഥയിൽ കണ്ട ആ അമ്മയെപ്പോലെയാണ്. അപ്പോഴെല്ലാം നമ്മുടെ മനോഭാവം സങ്കീർത്തകൻ പറയുന്നതുപോലെയാണ്. "എപ്പോഴാണ് നീ എന്നെ ആശ്വസിപ്പിക്കുന്നത് എന്നു ഞാൻ ചോദിച്ചുപോകുന്നു" (സങ്കീ. 118:32). ഈ വേദനകളെല്ലാം സുവിശേഷത്തിൽ നാം കാണുന്നതുപോലെ അൽപസമയത്തേയ്ക്കു മാത്രമാണ്. എന്നാൽ നമുക്ക് ഈ അൽപസമയം ദീർഘമായി തോന്നിയേക്കാം. ഗത്സമെനിൽ ഈശോ പ്രാർത്ഥിച്ചപ്പോൾ നിശബ്ദമായിരുന്ന ദൈവത്തോടു തന്നെയാണ് നാമോരോരുത്തരും പ്രാർത്ഥിക്കുന്നത്. അവിടുത്തെ സമയം ക്രിസ്തുവിന്റെ ഉയിർപ്പിന്റെ മഹത്വത്തിലേയ്ക്കെത്തുന്നതായിരുന്നു. മാനുഷികമായ ഭാഷയിൽ പറഞ്ഞാൽ, കഥയിൽ കണ്ടതുപോലെ നാമും ചോദിച്ചുപോകാനിടയുണ്ട്. അപ്പോൾ തന്റെ സ്വപുത്രന്റെ സഹായാഭ്യർത്ഥനയുടെ നിമിഷത്തിൽ നിശബ്ദനായിരുന്ന ദൈവത്തിന്റെ വേദന തിരിച്ചറിയാൻ നമുക്കാകണം; നമ്മെ സ്നേഹിക്കാനായി സ്വപുത്രനെ കുരിശിലേറ്റാൻ വിട്ട പിതാവായ ദൈവത്തിന്റെ സ്നേഹം ഓർക്കാൻ നമുക്കാകണം. പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹവുമായി എപ്പോഴും നമ്മെ കാണാനായി നമ്മുടെ പേരുകൾ ഉള്ളംകൈയ്യിൽ രേഖപ്പെടുത്തിയിട്ടുണ്ട് ദൈവം (ഏശ. 45:19).

പലപ്പോഴും സഹനങ്ങളിലേയ്ക്കും കഷ്ടപ്പാടുകളിലേയ്ക്കും ദുഃഖങ്ങളിലേയ്ക്കും മാത്രം നോക്കി നാം കണ്ണുനീർ തുടയ്ക്കുന്നു. അതിനപ്പുറം, മുകളിലിരിക്കുന്ന ദൈവത്തിലേയ്ക്ക് നോക്കാൻ നമുക്കുവേണ്ടി ഒരുപാട് സഹിച്ച് നമ്മെ കാത്തിരിക്കുന്നവനെ നോക്കാൻ നമുക്കാകുന്നുണ്ടോ?

വി. കൊച്ചുത്രേസ്യാ പറയുന്നു: "സ്നേഹിക്കുന്നുവെങ്കിൽ നീ നിന്നെത്തന്നെ തേടാതിരിക്കുക. തേടുകയാണെങ്കിൽ നീ വേദന കൂടിയ ഹൃദയത്തോടായിരിക്കും ആയി രിക്കുക. തന്നിലേയ്ക്കു തന്നെ തിരിയുമ്പോഴാണ് ദുഃഖം സന്തോഷമായി മാറാതിരിക്കുക. എല്ലാ ദുഃഖങ്ങളും മറ്റുള്ളവർക്കായി സമർപ്പിക്കുകയാണെങ്കിൽ എനിക്കു വേണ്ടിയല്ല, ഞാൻ എന്റെ സഹചരർക്കുവേണ്ടി ക്രിസ്തുവിനെപ്പോലെയാണ് ജീവിക്കുന്നത്" എന്ന സത്യം ക്രിസ് ത്യാനികളായ നമ്മെ ജീവിതത്തിൽ മുന്നോട്ടുനീങ്ങാൻ സഹായിക്കും. ദുഃഖങ്ങളെ ചൊല്ലി പഴിച്ചുകൊണ്ട് നമുക്കായിരിക്കാൻ സാധിക്കും. അല്ലെങ്കിൽ ദുഃഖങ്ങൾ നെഞ്ചിലേറ്റി ക്രിസ്തുവിനെ പിഞ്ചെന്നുകൊണ്ട് ജീവിക്കാനാകും. ദുഃഖങ്ങൾ നെഞ്ചിലേറ്റിക്കൊണ്ട് ജീവിക്കാനാകണമെങ്കിൽ ദുഃഖങ്ങൾ സന്തോഷം നൽകുന്ന അനുഭവങ്ങളാകണമെങ്കിൽ ക്രിസ്തുവിനെപ്പോലെ ജീവിക്കണം.

ഡിട്രിച്ച് ബോൻഹോഫർ ക്രിസ്തുവിനെക്കുറിച്ച് പറയുന്ന തിങ്ങനെയാണ്: "He was a man for others." ഇതു തന്നെയാകട്ടെ സഹനങ്ങളും ദുഃഖങ്ങളും അനുഭവിക്കുന്ന നമ്മുടെ ജീവിതലക്ഷ്യവും. എങ്കിലും ജീവിതം പലപ്പോഴും നിനക്ക് കണ്ണുനീരായിരിക്കും. ചിലപ്പോൾ നീ സ്നേഹിക്കു ന്ന പലതും, നീ സ്നേഹിക്കുന്ന പലരും നിന്റെ കണ്ണ് നിറയിച്ചിട്ട് പോയേക്കാം. എങ്കിലും മുന്നോട്ടു നീങ്ങുക. അവസാനം ദൈവമുണ്ട് എന്ന ഉറപ്പോടെ. നിന്റെ ജീവിത യാതനകളിൽ നീ ഒറ്റയ്ക്കാകുന്ന ദുഃഖനിമിഷങ്ങളിൽ, 'തന്റെ ദുഃഖനിമിഷങ്ങളിൽ ഒറ്റയ്ക്കായിരുന്ന ക്രിസ്തു' നിന്റെ അരികിലുണ്ടാകും.

ദുഃഖങ്ങളിൽ തളരരുത്, കരയരുത്. സർവ്വതും വിശുദ്ധ കുർബാനയിൽ സമർപ്പിക്കുക. കൂടെയായിരിപ്പാൻ അപ്പമായവന്റെ നൊമ്പരങ്ങളോട് ചേർക്കുക നമ്മുടെ ഹൃദയനൊമ്പരങ്ങളെ. അണിയുക - മുഖത്തൊരു സന്തോഷത്തിന്റെ പുഞ്ചിരി. മരണത്തെ ജയിച്ചവനോടൊപ്പമായിരിക്കാം. എല്ലാമറിയുന്ന നല്ലവനായ ദൈവം നമ്മെ അതിന് ശക്തരാക്കട്ടെ!